## പതിമ്മൂന്നാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 2342 — 11.10.2011 -ലെ മറുപടിക്ക്

### എൻ.എസ്.എസ്. വാളണ്ടിയർമാർക്കുള്ള ആനുകൂല്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.സി. വിഷ്ണുനാഥ് | ശ്രീ. പി.കെ.അബ്ദുറബ്ബ് ( വിദ്യാഭ്യാസ വകുപ്പ് മന്ത്രി ) |

(എ) ചെങ്ങന്നൂർ എഞ്ചിനീയറിംഗ് കോളേജിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ സംസ്ഥാന തലത്തിൽ ജേതാക്കളായിട്ടുള്ള എൻ. എസ്.എസ്. വാളണ്ടിയർമാർക്ക് അർഹമായ മാർക്കിന്റെ ആനുകൂല്യം ലഭിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(എ) ചെങ്ങന്നൂർ എഞ്ചിനീയറിംഗ് കോളേജിൽ പഠിക്കുന്ന എൻ.എസ്. എസ് വോളണ്ടിയർ മാർക്ക് അർഹമായ മാർക്കിന്റെ ആനുകൂല്യം നൽകേണ്ടത് കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല ( കുസാറ്റ്) ആണ്. ടി കോളേജിൽ എൻ.എസ്.എസ്. വോളണ്ടിയർമാരായി സംസ്ഥാന ജേതാക്കളായി ഇതുവരെ ഒരു വിദ്യാർത്ഥിയും വന്നിട്ടില്ലായെന്ന് IHRD ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

എന്നാൽ ഈ കോളേജിൽ നിന്ന് എൻ.എസ്.എസ്. വോളണ്ടിയർ സർട്ടിഫിക്കറ്റിന് അർഹതയുള്ള 50 വിദ്യാർത്ഥികൾ 2009 - 2010 അദ്ധ്യയന വർഷത്തിലും 34 വിദ്യാർത്ഥികൾ 2010-2011 അദ്ധ്യയന വർഷത്തിലും ഉണ്ടായിട്ടുണ്ട്. പ്രസ്തുത വിദ്യാർത്ഥികളുടെ അപേക്ഷകൾ സർട്ടിഫിക്കറ്റ് നൽകണമെന്ന അപേക്ഷയോടുകൂടി യൂണിവേഴ്സിറ്റിക്ക് അയച്ചു കൊടുത്തിട്ടുണ്ട് എന്ന് IHRD ഡയറക്ടർ അറിയിച്ചിട്ടുണ്ട്. എൻ.എസ്.എസ്.വോളണ്ടിയർമാർക്ക് അർഹമായ മാർക്കിന്റെ ആനുകൂല്യം ലഭ്യമാക്കുവാൻ ഈ വിഷയത്തിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ് ടി സർവ്വകലാശാലയിൽ 07.08.2009 -ലെ U.O.No. ACA2/2441/08-09 (PF) പ്രകാരം പ്രാബല്യത്തിൽ

| | | | |
|---|---|---|---|
| | | | വരുത്തിയിട്ടുണ്ട് എന്നും ഈ വിഷയത്തിൽ പാലിക്കേണ്ട നിയമാവലി രൂപീകരിച്ചിട്ടുണ്ട് എന്നും സർവ്വകലാശാല അറിയിച്ചിട്ടുണ്ട്. |
| (ബി) | കൊച്ചിൻ സർവ്വകലാശാലയുടെ അനാസ്ഥ കാരണം വിദ്യാർത്ഥികൾക്ക് ഈ ആനുകൂല്യങ്ങൾ ലഭിച്ചിട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) & (സി) | 2009 - 2010 വർഷങ്ങളിൽ എൻ.എസ്.എസ്. സർട്ടിഫിക്കറ്റിന് അർഹത നേടിയിട്ടുള്ള വിദ്യാർത്ഥികളുടെ അപേക്ഷകൾ നേരത്തെ തന്നെ യൂണിവേഴ്സിറ്റിയിലേക്ക് അയച്ചു കൊടുത്തിട്ടുണ്ടെന്നും എത്രയും പെട്ടെന്ന് ഗ്രേസ് മാർക്കിന്റെ ആനുകൂല്യം അർഹരായ വിദ്യാർത്ഥികൾക്ക് നൽകണമെന്ന് സൂചിപ്പിച്ചു കൊണ്ട് വീണ്ടും അപേക്ഷ അയയ്ക്കുന്നതാണ് എന്നും IHRD ഡയറക്ടർ അറിയിക്കുകയുണ്ടായി. അർഹതയുള്ള വിദ്യാർത്ഥികൾക്ക് അവരുടെ അപേക്ഷകൾ ലഭിക്കുന്നതനുസരിച്ച് മാർക്കിന്റെ ആനുകൂല്യം ലഭിക്കുന്നതായിരിക്കുമെന്ന് സർവ്വകലാശാല വ്യക്തമാക്കിയിട്ടുണ്ട്. |
| (സി) | എങ്കിൽ ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ ? | | |

Mary Joseph

സെക്ഷൻ ഓഫീസർ